# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE: 27.09.2026**

1. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 12 വർഷത്തിനിടെ വലിയ പുരോഗതിയാണ് കൈവരിച്ചതെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. തിരുവനന്തപുരം എസ് യു ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുത്തു.
2. മഹാത്മാഗാന്ധി നൽകിയ ഏറ്റവും വലിയ ജീവിതമന്ത്രമായ ശുചിത്വത്തിന് എല്ലാവരും മുൻഗണന നൽകണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.
3. സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നാളെ. ഒരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.
4. ലഹരിക്കെതിരായ സംസ്ഥാന സർക്കാരിന്റെ ഓപ്പറേഷൻ തൂഫാൻ രണ്ടാംഘട്ടത്തിന് നാളെ മലപ്പുറത്ത് തുടക്കമാകും.
5. കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ ചുവപ്പു ജാഗ്രത തുടരുന്നു. നാളെ വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.
6. ഏഷ്യൻ ഗെയിംസിൽ വീണ്ടും മലയാളി തിളക്കം. ലോങ് ജംമ്പ് താരം ആൻസി സോജന് വെള്ളി. വെസ്റ്റ് ഇൻഡീസിനെതിരായ ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യയ്ക്ക് 296 റൺ വിജയലക്ഷ്യം.

&&&&&&&&&&&&&&&&&&&&&

RNU TVPM

## ഉപരാഷ്ട്രപതി - എസ്.യു.ടി. (ഇൻട്രോ)

രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 12 വർഷത്തിനിടെ വലിയ പുരോഗതിയാണ് കൈവരിച്ചതെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. തിരുവനന്തപുരം എസ് യു ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ 15 ആമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി. സ്ത്രീകൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വൻ തോതിൽ പ്രാതിനിധ്യം തെളിയിച്ചിട്ടുണ്ടെന്നും വികസിത ഭാരതമെന്ന ലക്ഷ്യത്തിന് ഇത് മുതൽ കൂട്ടാണെന്നും അദ്ദേഹം പറഞ്ഞു. സാങ്കേതികമായി മികവു പുലർത്തുമ്പോഴും അനുകമ്പയുള്ളവരാകണമെന്നും, ജീവിത വിജയം നേടുമ്പോൾ സമൂഹത്തോട് ചേർന്ന് നിൽക്കണമെന്നും അദ്ദേഹം വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയിസ്)

ഡോക്ടർ എന്നത് കേവലമൊരു ബിരുദം അല്ലെന്നും, ഏത് മേഖലയിലും മികച്ചത് ആകാൻ, നല്ലൊരു മനുഷ്യൻ ആവുക എന്നതാണ് പ്രധാനമെന്ന് പരിപാടിയിൽ പങ്കെടുത്ത ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു.
*******************************

## ഉപരാഷ്ട്രപതി

സാമൂഹ്യസേവനം ആത്മീയതയിൽനിന്ന് വേറിട്ടതല്ലെന്ന് ബോധ്യപ്പെടുത്തുന്നതാണ് അമൃതാനന്ദമയി മഠത്തിന്റെ പ്രവർത്തനങ്ങളെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷസമ്മേളനത്തിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം. നേപ്പാളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അമൃതാനന്ദമയി മഠം നൽകുന്ന രണ്ട്

കോടി രൂപയുടെ ചെക്ക് ഇന്ത്യയിലെ നേപ്പാൾ അംബാസിഡർ ഡോ. സുരേന്ദ്രഥാപയ്ക്ക് ഉപരാഷ്ട്രപതിയും മുഖ്യമന്ത്രി വി.ഡി. സതീശനും ചേർന്ന് കൈമാറി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ, മുഖ്യമന്ത്രി വി ഡി സതീശൻ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, കേന്ദ്ര വ്യോമയാന മന്ത്രി കിഞ്ചരാപ്പു രാംമോഹൻ നായിഡു തുടങ്ങിയവർ പങ്കെടുത്തു.
******************************

## നശാ മുക്ത് - മൻ കി ബാത്ത്

വികസിത ഭാരതം സാധ്യമാക്കാൻ ലഹരിമുക്ത യുവതയുടെ പങ്കാളിത്തം അനിവാര്യമെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. ലഹരിക്കെതിരെ യുവജനങ്ങൾ അണിനിരക്കണമെന്നും രാജ്യത്തെ ലഹരിമുക്തമാക്കുന്നതിനായി ആരംഭിച്ച 100 ആഴ്ച നീളുന്ന 'നശാ മുക്ത് യുവ അഭിയാൻ' ക്യാമ്പയിനിൽ സജീവ പങ്കാളികളാകണമെന്നും പ്രധാനമന്ത്രി പറഞ്ഞു. പുതു തലമുറയെ ലഹരിയുടെ പിടിയിൽ നിന്ന് തിരികെ കൊണ്ടുവരാൻ എല്ലാവരും പരിശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.
******************************

## സർജിക്കൽ സ്ട്രൈക്ക് - മൻ കി ബാത്ത്

ഭീകരവാദത്തിനെതിരെ സന്ധിയില്ലാ നയമാണ് ഇന്ത്യക്കെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ 138-ാം പതിപ്പിൽ ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബാലാക്കോട്ട് വ്യോമാക്രമണം മുതൽ 'ഓപ്പറേഷൻ സിന്ദൂർ' വരെ ഇതിനുള്ള തെളിവാണ്. ഇന്ത്യൻ സൈന്യം പാകിസ്ഥാനിലെ ഭീകരവാദകേന്ദ്രങ്ങളിൽ നടത്തിയ സർജിക്കൽ സ്ട്രൈക്കിന് നാളെ പത്ത് വർഷം തികയുമ്പോൾ,

RNUTVPM

ഭീകരവാദത്തിനെതിരെയുള്ള നയത്തിൽ ഇന്ത്യ ഉറച്ചു നിൽക്കുന്നതായി ശ്രീ മോദി വ്യക്തമാക്കി.

*******************************

## ശുചിത്വം - മൻ കി ബാത്ത് (ഇൻട്രോ)

മഹാത്മാഗാന്ധി നൽകിയ ഏറ്റവും വലിയ ജീവിതമന്ത്രമായ ശുചിത്വത്തിന് ഏവരും മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച്, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന ശുചിത്വ പ്രവർത്തനങ്ങൾ ഏറെ പ്രചോദനകരമാണ്. ജനപങ്കാളിത്തത്തിലൂടെയുള്ള ശുചിത്വ സേവനമാണ് മഹാത്മാഗാന്ധിക്കുള്ള യഥാർഥ ശ്രദ്ധാഞ്ജലിയെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

*******************************

## സെൻസസ് - മൻ കി ബാത്ത്

സെൻസസ് നമ്മുടെയെല്ലാം ദേശീയ ഉത്തരവാദിത്തമാണെന്നും ഇതിനായി കുറച്ച് സമയം ചെലവഴിക്കണമെന്നും മൻ കി ബാത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് ആഹ്വാനം ചെയ്തു. എല്ലാവരും തങ്ങളുടെ കുടുംബത്തിന്റെ ശരിയായ വിവരങ്ങൾ നൽകുന്നതിലൂടെ രാജ്യത്തിന്റെ ഭാവിയുടെ കൃത്യമായ ചിത്രം തയ്യാറാക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

*******************************

## മൊഢേര - അസം - മൻ കി ബാത്ത്

RNU TVPM

പൂർണ്ണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ഗുജറാത്തിലെ മോഢേര ഗ്രാമം ഇന്ന് സൂര്യക്ഷേത്രത്തിന്റെ പേരിൽ മാത്രമല്ല രാജ്യത്തെ ആദ്യത്തെ സൗരോർജ ഗ്രാമമെന്ന പേരിലുമാണ് അറിയപ്പെടുന്നത് എന്നും ശ്രീ. മോദി പറഞ്ഞു. സുസ്ഥിരതയുടെ ഒരു മികച്ച ഉദാഹരണമാണിതെന്നും അദ്ദേഹം പറഞ്ഞു. അസമിൽ നടന്ന പിഗ്മി ഹോഗ് സംരക്ഷണ പ്രവർത്തനം, Sonai Rupai വന്യജീവി സങ്കേതത്തിലെ ആനകളുടെ പുനരധിവാസം എന്നിവയും ഇന്നത്തെ മൻ കി ബാത്ത് പതിപ്പിൽ അദ്ദേഹം പരാമർശിച്ചു.

*******************************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നാളെ. ഉപതിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. കൊല്ലം, ആലപ്പുഴ ഒഴികെ 12 ജില്ലകളിലെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ്. നാളെ രാവിലെ ഏഴു മുതൽ വൈകിട്ട് ആറു മണിവരെയാണ് വോട്ടെടുപ്പ്. മറ്റന്നാളാണ് വോട്ടെണ്ണൽ. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

*******************************

## കോഴിക്കോട് (ഇൻട്രോ)

കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോര മേഖലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായ കക്കാടംപൊയിലിൽ സമഗ്ര ടൂറിസം വികസനത്തിനു വഴിയൊരുങ്ങുന്നു.

RNU TVPM

ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്....

(വോയിസ്)

*******************************

## ഓപ്പറേഷൻ തൂഫാൻ

ഓപ്പറേഷൻ തൂഫാന്റെ രണ്ടാംഘട്ടത്തിനു നാളെ തുടക്കമാകും. മലപ്പുറം വേങ്ങര മലബാർ കോളേജിൽ നാളെയാണ് സംസ്ഥാന തല ഉദ്ഘാടനം നടക്കുക. ലഹരിക്കെതിരായ പോരാട്ടത്തിൽ ജനങ്ങളും പോലീസും സഹകരിച്ചുള്ള നടപടികൾക്കാണ് ഈ ഘട്ടത്തിൽ പ്രാധാന്യം ലഭിക്കുക.

*******************************

## കെഎസ്ആർടിസി (ഇൻട്രോ)

പൂജ, ദീപാവലി ആഘോഷങ്ങളുടെ ഭാഗമായുള്ള യാത്രാത്തിരക്ക് പരിഗണിച്ച് കെഎസ്ആർടിസി പ്രത്യേക അന്തർസംസ്ഥാന സർവീസുകൾ പ്രഖ്യാപിച്ചു. ഒക്ടോബർ 14 മുതൽ നവംബർ 14 വരെ ബെംഗളൂരു, മൈസൂരു, ചെന്നൈ എന്നീ നഗരങ്ങളിൽ നിന്ന് കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്കും തിരിച്ചും അധിക ബസുകൾ സർവീസ് നടത്തും. മുൻകൂട്ടി ടിക്കറ്റുകൾ ബുക്ക് ചെയ്യാനുള്ള ഓൺലൈൻ റിസർവേഷൻ സൗകര്യവും ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

*******************************

PNU TVPM

## കാലാവസ്ഥ

സംസ്ഥാനത്ത് മറ്റന്നാൾ മുതൽ മൂന്ന് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കേരളം - മാഹി - ലക്ഷദ്വീപ് - തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്നും നാളെയും കള്ളക്കടൽ ജാഗ്രത നിർദേശവുമായി ബന്ധപ്പെട്ട് ചുവപ്പു ജാഗ്രത നിലനിൽക്കുന്നതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.
*******************************

## സേവാ സങ്കൽപ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുകയാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര സർക്കാർ ആരംഭിച്ച സ്റ്റാർട്ടപ്പ് ഇന്ത്യ മിഷനെ കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. 2015-ലാണ് സ്റ്റാർട്ടപ്പ് ഇന്ത്യ മിഷന് തുടക്കം കുറിക്കുന്നത്. കഴിഞ്ഞ പത്തു വർഷത്തിനിടെ സ്റ്റാർട്ടപ്പുകളുടെ എണ്ണം 350 ൽ നിന്ന് രണ്ട് ലക്ഷത്തിലധികമായി വർദ്ധിച്ചു.
*******************************

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിൽ വീണ്ടും മലയാളി തിളക്കം. മലയാളി ലോങ് ജംമ്പ് താരം ആൻസി സോജന് വെള്ളി മെഡൽ. 6.53 മീറ്റർ ദൂരം ചാടിയാണ് ആൻസി മെഡൽ സ്വന്തമാക്കിയത്. ഗെയിംസിൽ ഇന്ത്യയ്ക്ക് ഇന്ന് രണ്ടു വെള്ളി കൂടി ലഭിച്ചിരുന്നു.

RIJUTVPM

സ്ക്വാഷിൽ പുരുഷ സിംഗിൾസിൽ അഭയ് സിങ്ങും വനിതാ സിംഗിൾസിൽ അനഹത് സിങ്ങുമാണ് മെഡൽ നേടിയത്.
********************************

## ക്രിക്കറ്റ്

തിരുവനന്തപുരം കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് 296 റൺ വിജയലക്ഷ്യം. നിശ്ചിത ഓവറിൽ വിൻഡീസ് 7 വിക്കറ്റ് നഷ്ടത്തിൽ 295 റൺ നേടുകയായിരുന്നു. നേരത്തെ ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തെരഞ്ഞെടുക്കുകയായിരുന്നു.

*

****************

**********************************************

RNU TVPM